**File No.TCPCTP/2113/2019-D1**

**<u>മുഖ്യ നഗരാസൂത്രകയുടെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം, തിരുവനന്തപുരം - സാങ്കേതിക വിഭാഗം - വയനാട് ജില്ല - മാനന്തവാടി നഗരസഭ- പയ്യമ്പള്ളി വില്ലേജ് - പെട്രോളിയം ഔട്ട് ലെറ്റ് നിർമ്മാണം - ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1) മാനന്തവാടി നഗരസഭ സെക്രട്ടറിയുടെ 03/08/19 –ലെ A4–11837/19 നമ്പർ കത്ത്.
2) വയനാട് ടൗൺ പ്ലാനറുടെ 05/09/19 –ലെ TCPWYD/781/2019–C നമ്പർ കത്ത്.

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ് നമ്പർ. **TCPCTP/2113/2019/D1** തീയതി :**15/11/2019**

---

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ മാനന്തവാടി നഗരസഭ പരിധിയിലുള്ള പയ്യമ്പള്ളി വില്ലേജിൽ റീ.സർവ്വേ നം. ***494/5*** *(പഴയ സർവ്വേ നം.992/9 A(4))* –ൽ ഉൾപ്പെട്ട ***0.375*** ഹെക്ടർ ഭൂമിയിൽ നിന്നും ശ്രീമതി.അനുഷ. എ.പി. എന്നവർക്ക് ലീസ് നൽകപ്പെട്ട *809* ച.മീ വിസ്തീർണ്ണമുള്ള സ്ഥലത്ത് *Group-I Hazardous Occupancy*–ൽ പെട്ട *173.28* ച.മീ. വിസ്തീർണ്ണമുള്ള *(Floor Area -36.28 ച.മീ, Canopy area-137 ച.മീ)* പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി.അനുഷ. എ.പി. അനു നിവാസ്, കമ്മന. പി.ഒ. കൊയിലേരി, മാനന്തവാടി എന്നവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ- *1999* നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും, പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്കുപ്പൻസി നൽകുവാൻ പാടുള്ളൂ.
2. കെ.എം.ബി.ആർ 1999– ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം, കെ.എം.ബി.ആർ 1999 നും, അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യസംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008–ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ 1967–ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന അവസ്ഥയിൽ അനുസൃതമായിരിക്കണം.
7. നിർമ്മാണസ്ഥലത്ത് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.
8. മാലിന്യനിർമ്മാർജ്ജനത്തിനും മലിനജല സംസ്കരണത്തിനും ഉചിതമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
9. പ്ലാനിൽ കാണിച്ചിരിക്കുന്ന ശുചിമുറികൾക്ക് 2.2 ച.മീ കാർപ്പെറ്റ് ഏരിയ ഉണ്ടായിരിക്കണം.
10. നിർമ്മാണാനുമതി നൽകുന്നതിനു മുമ്പായി കേരള ഫയർഫോഴ്സ്, മലിനീകരണനിയന്ത്രണ ബോർഡ് എന്നിവരിൽ നിന്നും നിരാക്ഷേപപത്രം സമർപ്പിച്ചിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
11. ഭൂഗർഭ പെട്രോളിയം ടാങ്കുകളുടെ നിർമ്മാണം കേരള പെട്രോളിയം ആക്ട് 1976–ലെ

വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.

12. പെട്രോളിയം ഔട്ട് ലെറ്റുകളുടെ നിർമ്മാണം ആയതുമായി ബന്ധപ്പെട്ട് ബഹു ഹരിതട്രിബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായിരിക്കണം.

13. മാലിന്യസംസ്കരണം, മലിനജല സംഭരണം, സംസ്കരണം, പുനരുപയോഗം മുതലായവയ്ക്ക് നിർമ്മാണസ്ഥലത്തുതന്നെ സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 108/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു**

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ. പി.ആർ**
**ടൗൺ പ്ലാനർ**
**ചീഫ് ടൗൺ പ്ലാനർക്കുവേണ്ടി**

ഉള്ളടക്കം : ഒരു സൈറ്റ് പ്ലാൻ

സെക്രട്ടറി, മാനന്തവാടി നഗരസഭ, വയനാട്

പകർപ്പ്: 1) ശ്രീമതി.അനുഷ. എ.പി.
അനു നിവാസ്, കമ്മന. പി.ഒ. കൊയിലേരി, മാനന്തവാടി, വയനാട്
2) ടൗൺ പ്ലാനർ, വയനാട്
3) വെബ്സൈറ്റ്. 4) കരുതൽ ഫയൽ. 5) അധികം.